# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>സഹകരണ മേഖലയുടെ വളർച്ചയ്ക്ക് നൂതന പദ്ധതി</u>

6532 ശ്രീ. ബെന്നി ബെഹനാൻ
,, എം.എ. വാഹീദ്
,, ആർ. സെൽവരാജ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സഹകരണ മേഖലയുടെ വളർച്ചയ്ക്കും പുരോഗതിക്കുമായി എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) ഇതു സംബന്ധിച്ച് സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ഉത്തരവുകൾ നടപ്പിലാക്കുകയും ആയതിന്റെ പുരോഗതി വിലയിരുത്തുകയും ചെയ്തിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

ഇന്റഗ്രേറ്റഡ് കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് പ്രോജക്ട്

6533 ശ്രീ. കെ. ശിവദാസൻ നായർ
,, എ. റ്റി. ജോർജ്
,, ഹൈബി ഈഡൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇന്റഗ്രേറ്റഡ് കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് പ്രോജക്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) ഇതിന്റെ രണ്ടാംഘട്ടം നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം കർമ്മ പദ്ധതികളാണ് രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

**കേരള നിയമസഭ**
**09.07.2014-ലെ മറുപടിക്ക്**

<u>മൂലധന പര്യാപ്തത പാലിക്കാത്ത സഹകരണ ബാങ്കുകൾക്കെതിരെ നടപടി</u>

6534 ശ്രീ. വി. എസ്. സുനിൽ കുമാർ
ശ്രീമതി ഗീതാ ഗോപി
ശ്രീ. ഇ. കെ. വിജയൻ
,, കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റിസർവ്വ് ബാങ്ക് നിർദ്ദേശിച്ച മൂലധന പര്യാപ്തത പാലിക്കാത്ത സഹകരണ ബാങ്കുകളുണ്ടോ, ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) മൂലധന പര്യാപ്തതയ്ക്കായി ഗവൺമെന്റിൽ നിന്നും എത്ര തുക വാഗ്ദാനം ചെയ്തിരുന്നു; എത്ര തുക നൽകി;

(സി) പ്രസ്തുത സഹകരണ ബാങ്കുകൾക്ക് മൂലധന പര്യാപ്തത കൈവരിക്കാൻ കഴിയാതെ പോയതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) മൂലധന പര്യാപ്തത പാലിക്കാത്ത ബാങ്കുകളുടെ മേലുള്ള നടപടികൾ ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്നതിന് സഹകരണ സംഘങ്ങൾക്ക് ധനസഹായം

6535 ശ്രീ. റ്റി. എൻ. പ്രതാപൻ
,, സി. പി. മുഹമ്മദ്
,, പാലോട് രവി
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്നതിന് സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്റർ ആരംഭിക്കുന്നതിനും, ഗസ്റ്റ് ഹൗസുകൾ, റിസോർട്ടുകൾ എന്നിവ നിർമ്മിക്കുന്നതിനും വാഹനങ്ങൾ വാങ്ങുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>സഹകരണ നിയമം നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾ</u>

6536 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം പാസാക്കിയ സഹകരണ നിയമം നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾ തയ്യാറാക്കിയോ എന്നു വ്യക്തമാക്കുമോ;

(ബി) തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ഇതു സംബന്ധിച്ചുള്ള എല്ലാ വിശദാംശങ്ങളും ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

<u>സഹകരണ നിക്ഷേപരംഗം ശക്തിപ്പെടുത്താൻ നടപടി</u>

6537 ശ്രീ. എം.എ. വാഹീദ്
,, പാലോട് രവി
,, എ.പി. അബ്ദുള്ളക്കുട്ടി
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലാവധി അവസാനിക്കുമ്പോൾ സഹകരണ മേഖലയിലെ ആകെ നിക്ഷേപം എത്രയായിരുന്നു;

(ബി) സഹകരണ മേഖലയിലെ 31.3.2014-ലെ ആകെ നിക്ഷേപം എത്രയാണെന്ന് അറിയിക്കുമോ;

(സി) സഹകരണ നിക്ഷേപരംഗം ശക്തിപ്പെടുത്താൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) സഹകരണ മേഖലയിൽ എൻ.ആർ.ഐ. നിക്ഷേപ പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**09.07.2014-ലെ മറുപടിക്ക്**

<u>സഹകരണ റിസ്ക് ഫണ്ട് സ്കീമിൽ അംഗങ്ങളായിട്ടുള്ള സംഘങ്ങൾ</u>

6538 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ വായ്പാ സംഘങ്ങളിൽ 'സഹകരണ റിസ്ക് ഫണ്ട്' ആരംഭിച്ചത് എപ്പോഴാണെന്നും ഇതുവരെ എത്ര വായ്പാസംഘങ്ങൾ ഈ സ്കീമിൽ അംഗങ്ങളായിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(ബി) സഹകരണ റിസ്ക് ഫണ്ടിലേയ്ക്ക് വായ്പക്കാരൻ അടയ്ക്കേണ്ട പ്രീമിയം തുകയുടെ നിരക്ക് എങ്ങനെയാണെന്ന് വ്യക്തമാക്കുമോ;

(സി) സ്കീമിൽ അംഗമാവുന്നതിന് വായ്പക്കാരന് പ്രായപരിധി നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) സഹകരണ റിസ്ക് ഫണ്ടിൽ അംഗങ്ങളാകാത്ത എത്ര വായ്പാ സംഘങ്ങളുണ്ട് എന്നും അവ ഏതൊക്കെയാണെന്നും ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

## വായ്പാ കുടിശ്ശികയ്ക്ക് മൊറട്ടോറിയം

6539 ശ്രീ. എ.എം ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിൽ ഏതെല്ലാം തരത്തിലുള്ള വായ്പകളുടെ തിരിച്ചടവിനാണ് സർക്കാർ മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുള്ളത്;

(ബി) എത്ര കാലാവധിക്ക് മുമ്പുള്ള കുടിശ്ശിക നിലനിൽക്കുകയാണെങ്കിലാണ് പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾക്ക് സംസ്ഥാന കാർഷിക ഗ്രാമവികസന ബാങ്ക് ഭരണ സമിതിയിലെ അംഗത്വം നഷ്ടപ്പെടുന്നത്;

(സി) കടങ്ങൾക്ക്മാത്രമാണ് മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുള്ളതെങ്കിൽ കാർഷിക വായ്പ കുറഞ്ഞ ശതമാനം മാത്രമുള്ള ബാങ്കുകൾക്ക് എന്ത് അടിസ്ഥാനത്തിലാണ് എക്സംപ്ഷൻ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>ആലപ്പുഴ ജില്ലയിലെ സഹകരണ ബാങ്കുകളിൽ പട്ടിക വിഭാഗക്കാരുടെ വായ്പ എഴുതിത്തള്ളൽ</u>

6540 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽ നിന്നും പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗക്കാർ എടുത്ത വായ്പാ തുക എഴുതി തള്ളുന്നത് സംബന്ധിച്ച നിലവിലെ മാനദണ്ഡങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ആലപ്പുഴ ജില്ലയിൽ സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുത്ത ഈ വിഭാഗത്തിൽപ്പെട്ട എത്ര ആളുകളുടെ വായ്പയാണ് എഴുതിത്തള്ളിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം ആലപ്പുഴ ജില്ലയിൽ ഇത്തരത്തിൽ വായ്പ എഴുതിത്തള്ളുന്നതിനായി അപേക്ഷ നൽകിയ പട്ടികവിഭാഗക്കാരുടെ വിശദാംശങ്ങൾ നൽകാമോ; ഈ അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

മരണപ്പെട്ടവരുടെ വായ്പാ കുടിശ്ശികകളുടെ ഒറ്റത്തവണ തീർപ്പാക്കൽ

6541 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുത്ത് മരണപ്പെട്ടവരുടെ വായ്പ കുടിശ്ശികകൾ തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ എന്തെല്ലാമാണ്;

(ബി) വായ്പ കുടിശ്ശിക ഒറ്റത്തവണയായി തീർപ്പാക്കിയാൽ ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

ആർ. ബി. ഐ. കടപ്പത്രങ്ങളിലെ നിക്ഷേപം

6542 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമവ്യവസായവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2015 ഏപ്രിൽ മാസം 1-ാം തീയതി മുതൽ ജില്ലാ സഹകരണ ബാങ്കുകൾ എസ്.എൽ.ആർ, സി.ആർ.ആർ നിക്ഷേപങ്ങൾ ആർ.ബി.ഐ. കടപ്പത്രങ്ങളിൽ നേരിട്ട് നിക്ഷേപിക്കണമെന്ന ആർ.ബി.ഐ.യുടെ സർക്കുലർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് നടപ്പിലാക്കുകയാണെങ്കിൽ ത്രിതല സഹകരണ ബാങ്കിംഗ് സംവിധാനത്തിന് ഭീഷണിയാകും എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് വിശദമാക്കുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>സഹകരണസംഘങ്ങളുടെ പുനഃരുദ്ധാരണ പദ്ധതി</u>

6543 ശ്രീ. എം.വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളുടെ പുനഃരുദ്ധാരണത്തിനു പദ്ധതിയുണ്ടോ ; വിശദമാക്കുമോ ;

(ബി) സഹകരണ സംഘങ്ങൾക്ക് പുനഃരുദ്ധാരണത്തിനുള്ള സഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) വയനാട് ജില്ലയിലെ ഏതെല്ലാം സഹകരണ സംഘങ്ങളെ പുനഃരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

സഹകരണ സംഘങ്ങൾക്ക് കെട്ടിട നിർമ്മാണം

6544 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വന്തമായി ഭൂമിയുള്ള സഹകരണ സംഘങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാർ നൽകി വരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത്തരത്തിലുള്ള എത്ര സഹകരണ സ്ഥാപനങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള ആനുകൂല്യം നൽകിയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>സഹകരണ ഓഡിറ്റ് സമകാലികമാക്കാനുള്ള നടപടികൾ</u>

6545 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ ആഡിറ്റ് വകുപ്പ് എന്നാണ് രൂപീകരിച്ചത് ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) സഹകരണ ആഡിറ്റ് വകുപ്പ് രൂപീകരിച്ചശേഷം സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതൊഴിവാക്കാൻ എന്തു നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ;

(സി) സഹകരണ ആഡിറ്റ് സമകാലീനമാക്കാൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>സഹകരണ ഭവന്റെ നിർമ്മാണം</u>

6546 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന്റെ ആസ്ഥാനമായി സഹകരണ ഭവൻ നിർമ്മാണം ആരംഭിച്ചു കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണത്തിനായി സഹകരണ സംഘങ്ങളിൽ നിന്നും എത്ര തുകയാണ് സമാഹരിക്കാൻ ഉദ്ദേശിക്കുന്നത് എന്നും വിശദമാക്കുമോ;

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>സഹകരണ യൂണിയന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താന്‍ നടപടി</u>

6547 ശ്രീ. തേറമ്പില്‍ രാമകൃഷ്ണന്‍
,, കെ. മുരളീധരന്‍
,, എം.പി. വിന്‍സെന്റ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന സഹകരണ യൂണിയന്റെ പ്രധാന പ്രവര്‍ത്തനങ്ങള്‍ വിശദമാക്കുമോ;

(ബി) സംസ്ഥാന സഹകരണ യൂണിയന്റെ സാമ്പത്തികസ്ഥിതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങള്‍ നല്‍കാമോ;

(സി) സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികള്‍ സ്വീകരിക്കുവാന്‍ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>വായ്പകളുടെ തിരിച്ചടവ്</u>

6548 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, വർക്കല കഹാർ
,, സണ്ണി ജോസഫ്
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളും സഹകരണ ബാങ്കുകളും നൽകി വരുന്ന വായ്പകളിലെ കൃത്യമായ തിരിച്ചടവ് കുറഞ്ഞുവരികയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിന്റെ പ്രധാന കാരണങ്ങൾ എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(സി) ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

നെയ്യാറ്റിൻകര സഹകരണ ഗ്രാമവികസന ബാങ്കിന്റെ വായ്പ കുടിശ്ശിക

6549 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിന് 30.04.2014 വരെ സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിൽ എത്ര രൂപ കുടിശ്ശികയായിട്ടുണ്ട്;

(ബി) ഓരോ കാലയളവിലേയും കുടിശ്ശിക കാർഷിക കാർഷികേതര വിഭാഗങ്ങൾ തിരിച്ച് വ്യക്തമാക്കാമോ;

(സി) 31.03.2014ന് നെയ്യാറ്റിൻകര സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിന് സംസ്ഥാന കാർഷിക ഗ്രാമവികസന ബാങ്ക് തലത്തിൽ നിലവിലെ വായ്പ കാർഷിക-കാർഷികേതര വിഭാഗങ്ങൾ തിരിച്ച് ശതമാനക്കണക്കിൽ വ്യക്തമാക്കാമോ;

(ഡി) നെയ്യാറ്റിൻകര സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിലെ പ്രതിനിധിക്ക് സംസ്ഥാന കാർഷിക വികസന ബാങ്ക് ഭരണസിമിതിയിൽ തുടരാൻ അർഹതയുണ്ടോ; ഇല്ലെങ്കിൽ നീക്കം ചെയ്യാൻ എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കുമോ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

ഒഴുകുന്ന ത്രിവേണി സ്റ്റോറുകൾ

6550 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഒഴുകുന്ന ത്രിവേണി സ്റ്റോറുകൾ എത്ര എണ്ണം ആരംഭിച്ചു; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി എത്ര ഒഴുകുന്ന ത്രിവേണി സ്റ്റോറുകൾ ആരംഭിച്ചു; വ്യക്തമാക്കാമോ;

(ബി) ഇവ എവിടെയെല്ലാം പ്രവർത്തിക്കുന്നു; ഒഴുകുന്ന ത്രിവേണി സ്റ്റോർ ആരംഭിക്കുന്നതിന് ശരാശരി എത്ര രൂപ ചെലവായി; ഇവയിൽ നിന്നുള്ള ശരാശരി വിറ്റുവരവ് എത്രയാണെന്നും വിശദമാക്കുമോ;

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>കണ്‍സ്യൂമര്‍ഫെഡിന്റെ വിപണി ഇടപെടലും വില്‍പന കേന്ദ്രങ്ങളും</u>

6551 ശ്രീ. ജി. സുധാകരന്‍
,, എം. ഹംസ
,, സാജു പോള്‍
ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കണ്‍സ്യൂമര്‍ഫെഡിന്റെ വിപണി ഇടപെടല്‍ ഫലപ്രദമാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കണ്‍സ്യൂമര്‍ഫെഡിന് സബ്സിഡി തുക നല്‍കുന്നതില്‍ സര്‍ക്കാര്‍ നിയന്ത്രണം ഏര്‍പ്പെടുത്തിയിട്ടുണ്ടോ;

(സി) കണ്‍സ്യൂമര്‍ഫെഡിന്റെ വിപണി ഇടപെടല്‍ കാര്യക്ഷമമല്ലാതായാല്‍ പൊതുവിപണിയില്‍ വിലക്കയറ്റം രൂക്ഷമാകുമെന്ന് കരുതുന്നുണ്ടോ;

(ഡി) കണ്‍സ്യൂമര്‍ ഫെഡിന്റെ നിലവിലുള്ള ഏതെങ്കിലും വില്പന കേന്ദ്രങ്ങള്‍ നിര്‍ത്തലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കില്‍ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(ഇ) കണ്‍സ്യൂമര്‍ ഫെഡിന്റെ ഏതെല്ലാം സ്ഥാപനങ്ങളാണ് ഇപ്പോള്‍ നഷ്ടത്തില്‍ പ്രവര്‍ത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(എഫ്) കണ്‍സ്യൂമര്‍ ഫെഡിന്റെ സ്ഥാപനങ്ങളില്‍ നഷ്ടം വരുന്നതിനുള്ള കാരണങ്ങളും അവ പരിഹരിക്കുന്നതിനുള്ള മാര്‍ഗ്ഗങ്ങളും കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>നാട്ടിക മണ്ഡലത്തിലെ കണ്‍സ്യൂമര്‍ഫെഡ് പായ്ക്കിംഗ് യൂണിറ്റ്</u>

6552 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നാട്ടിക നിയോജക മണ്ഡലത്തില്‍ കണ്‍സ്യൂമര്‍ഫെഡ് പായ്ക്കിംഗ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികള്‍ പുരോഗമിക്കുന്നുണ്ടോ ; ആയത് എപ്പോള്‍ പ്രവര്‍ത്തനം ആരംഭിക്കുമെന്ന് അറിയിക്കുമോ ;

(ബി) കണ്‍സ്യൂമര്‍ഫെഡ് പായ്ക്കിംഗ് യൂണിറ്റ് ആരംഭിക്കുന്നതിന് സ്ഥലം ലഭ്യമായിട്ടുണ്ടോ ; ഇല്ലെങ്കില്‍ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങള്‍ എന്തൊക്കെയാണ് ലഭ്യമാക്കേണ്ടതെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>നന്മ സ്റ്റോറുകളിലെ സാധനങ്ങളുടെ സബ്സിഡിയും വിറ്റുവരവും</u>

6553 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-2014 വർഷത്തിൽ നന്മ സ്റ്റോറുകളുടെ വിറ്റുവരവ് എത്രയാണ്;

(ബി) നന്മ സ്റ്റോറുകളിൽ ഏതെല്ലാം സാധനങ്ങൾക്കാണ് സബ്സിഡി നൽകുന്നത്;

(സി) പൊതുവിപണിയിൽ നിന്നുള്ള വിലവ്യത്യാസം ഓരോന്നിനും എത്രയാണ്; ഇവ ആവശ്യാനുസരണം ഉപഭോക്താവിന് ലഭിക്കുന്നില്ലായെന്നത് പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണ്?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

<u>ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ നന്മസ്റ്റോറുകൾ</u>

6554 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ എത്ര നന്മസ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ടെന്നും എവിടെയെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ബി) ഓരോ നന്മസ്റ്റോറിലും എത്ര ജീവനക്കാർ വീതമുണ്ടെന്ന് പേരുൾപ്പെടെ വ്യക്തമാക്കാമോ;

(സി) ജീവനക്കാരുടെ ശമ്പളയിനത്തിൽ ഓരോ മാസവും ഓരോ നന്മസ്റ്റോറിലും എന്തുതുക വീതം ചെലവഴിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഓരോ നന്മസ്റ്റോറിലും 2013 ഏപ്രിൽ ഒന്നിന് ശേഷം ഇതുവരെയുള്ള പ്രതിമാസ വിറ്റുവരവ് എത്രവീതമെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

<u>സംസ്ഥാന കാർഷിക ഗ്രാമവികസന ബാങ്കിലെ</u>
<u>നിയമനവും നിർമ്മാണ പ്രവർത്തനവും</u>

6555 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കാർഷിക ഗ്രാമവികസന ബാങ്കിൽ, നിയമനം പി.എസ്.സി.ക്ക് വിട്ട പ്യൂൺ തസ്തികയിൽ 2014 ജനുവരിക്ക് ശേഷം നാളിതുവരെ എത്രപേർക്ക് സ്ഥിര നിയമനം നൽകി ; സഹകരണ നിയമത്തിന് വിരുദ്ധമായ ഈ നിയമനം തടയാൻ എന്ത് നടപടി സ്വീകരിച്ചു :

(ബി) സംസ്ഥാന കാർഷിക ഗ്രാമവികസന ബാങ്കിന്റെ വിവിധ ഓഫീസുകളിലായി നിലവിൽ എത്ര കോടിരൂപയുടെ നിർമ്മാണപ്രവർത്തനങ്ങൾ നടക്കുന്നു ; ഏതെല്ലാം ഓഫീസുകളിൽ എത്രകോടി രൂപയുടെ പ്രവർത്തനങ്ങളാണ് നടക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് സഹകരണസംഘം രജിസ്ട്രാർ അനുമതി നൽകിയിട്ടുണ്ടോ ; ഈ അവസരത്തിൽ ബാങ്കിൽ മാനേജിംഗ് ഡയറക്ടറെ നിയമിക്കാതെ തസ്തിക ഒഴിച്ചിട്ടിരിക്കുന്നതിന്റെ കാരണവും എം.ഡി.യെ നിയമിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

<u>പെൻഷനായവരെ വീണ്ടും നിയമിച്ച നടപടി</u>

6556 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പെൻഷൻ ബോർഡ്, വെൽഫയർ ഫണ്ട് ബോർഡ്, ഗ്യാരന്റി ഫണ്ട് ബോർഡ്, സഹകരണ എക്സാമിനേഷൻ ബോർഡ് എന്നീ സ്ഥാപനങ്ങളിൽ വിവിധ സ്ഥാപനങ്ങളിൽ നിന്ന് പെൻഷൻ പറ്റി പിരിഞ്ഞ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ സ്ഥാപനത്തിലും ഇത്തരത്തിൽ നിയമിക്കപ്പെട്ടവർ ഏതെല്ലാം തസ്തികകളിലാണ് സേവനം അനുഷ്ഠിക്കുന്നത്;

(സി) ഇത്തരം നിയമനം ലഭിച്ചവർ ഏതു തസ്തികകളിൽ നിന്നും പെൻഷൻ പറ്റി പിരിഞ്ഞവരാണെന്നും ഇപ്പോൾ ഓരോരുത്തർക്കും നൽകുന്ന ശമ്പളം/അലവൻസ്/മറ്റാനുകൂല്യങ്ങൾ എത്രയാണെന്നും വ്യക്തമാക്കുമോ;

(ഡി) നിശ്ചയിക്കപ്പെട്ട തസ്തികകളിൽ പെൻഷൻ പറ്റി പിരിഞ്ഞവർക്കു നിയമനം നൽകാനിടയായ സാഹചര്യം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

## വിവിധ സഹകരണ സ്ഥാപനങ്ങളിലുള്ള തസ്തികകൾ

6557 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പെൻഷൻ ബോർഡ്, വെൽഫെയർ ഫണ്ട് ബോർഡ്, ഗ്യാരന്റി ഫണ്ട് ബോർഡ്, സഹകരണ എക്സാമിനേഷൻ ബോർഡ് എന്നീ സ്ഥാപനങ്ങളിൽ ഓരോന്നിലും ആകെ എത്ര തസ്തികകളാണ് നിലവിലുള്ളത്;

(ബി) ഓരോ സ്ഥാപനത്തിലും സ്ഥിരപ്പെടുത്തിയ എത്ര ജീവനക്കാരാണു നിലവിലുള്ളത്;

(സി) ഓരോ സ്ഥാപനത്തിലും വിവിധ തസ്തികകളിൽ താൽക്കാലികാടിസ്ഥാനത്തിലും കരാർ അടിസ്ഥാനത്തിലും എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്നു വ്യക്തമാക്കുമോ;

(ഡി) കരാർ അടിസ്ഥാനത്തിലും താൽക്കാലികാടിസ്ഥാനത്തിലും സേവനം നോക്കുന്നവരെ സ്ഥിരപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഇ) ഓരോ സ്ഥാപനത്തിലും ഏതെല്ലാം തസ്തികയിലുള്ള എത്ര ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നിർദ്ദേശമാണു പരിഗണനയിലുള്ളതെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>സഹകരണ സ്ഥാപനങ്ങളിലെ നിയമന രീതി</u>

6558 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമവ്യവസായവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പെൻഷൻ ബോർഡ്, വെൽഫയർ ഫണ്ട് ബോർഡ്, ഗ്യാരന്റി ഫണ്ട് ബോർഡ്, സഹകരണ എക്സാമിനേഷൻ ബോർഡ് എന്നീ സ്ഥാപനങ്ങളിലെ നിയമനരീതി എങ്ങനെയാണെന്ന് വിശദമാക്കുമോ;

(ബി) ഓരോ സ്ഥാപനത്തിലെയും ഓരോ തസ്തികയിലേക്കുള്ള നിയമനത്തിനുള്ള മാനദണ്ഡങ്ങളും യോഗ്യതകളും വിശദീകരിക്കുമോ;

(സി) ഇതിൽ ഏതെല്ലാം ബോർഡുകളിലെ ഏതെല്ലാം തസ്തികകളിലെ നിയമനങ്ങൾ പി.എസ്.സി. മുഖേന നടത്തുന്നുണ്ടെന്നു വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സ്ഥാപനങ്ങളിലെ വിവിധ തസ്തികകളിലേക്കുള്ള നിയമനങ്ങൾ പി.എസ്.സി.ക്കു വിടാത്തതെന്തുകൊണ്ടാണെന്നു വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത സ്ഥാപനങ്ങളിലെ വിവിധ തസ്തികകളിലേക്കുള്ള നിയമനങ്ങൾ പി.എസ്.സി. മുഖേന നടത്തുവാൻ നടപടി സ്വീകരിക്കുമോ;

(എഫ്) പ്രസ്തുത സ്ഥാപനങ്ങളിലെ വിവിധ തസ്തികകളിലേക്കുള്ള നിയമനങ്ങൾ പി.എസ്.സി.ക്കു വിടുന്നതു സംബന്ധിച്ച് നിലപാട് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

**പത്തനംതിട്ട ജില്ലാ സഹകരണ ബാങ്കിൽ താൽക്കാലിക നിയമനം ലഭിച്ചവർ**

6559 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലാ സഹകരണ ബാങ്കിൽ നൈറ്റ് വാച്ചർ, സെക്യൂരിറ്റി തസ്തികകളിൽ കഴിഞ്ഞ ബാങ്ക് ഭരണ സമിതിയുടെ കാലത്ത് എത്ര പേർക്കാണ് താല്ക്കാലിക നിയമനം നൽകിയത് ; ഇവരിൽ എത്രപേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട് ;

(ബി) കഴിഞ്ഞ ഭരണസമിതി അറ്റൻഡർമാരെയും സ്വീപ്പർമാരെയും നിയമിച്ചിരുന്നോ ; ഇവരിൽ എത്രപേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട് ;

(സി) സെക്യൂരിറ്റികളുടെയും വാച്ചർമാരുടെയും നിയമന സമയത്തെ സേവന വേതന വ്യവസ്ഥകൾ എന്തൊക്കെയാണ് ; ഇപ്പോൾ അവർക്ക് എത്ര രൂപയാണ് വേതനമായി നൽകി വരുന്നത് ;

(ഡി) ഈ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും 2011 ഡിസംബർ മുതൽ പിടിച്ചുതുടങ്ങിയ പി.എഫ് വിഹിതം ഏതുമാസം വരെ പിടിച്ചു; ഈ തീയതിക്കു ശേഷം പി.എഫ് പിടിക്കാതിരുന്നതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ ;

(ഇ) ധനകാര്യ വകുപ്പിന്റെ 2.5.2011-ലെ ജി.ഒ(പി) നം.204/2011 പ്രകാരം സെക്യൂരിറ്റി/നൈറ്റ് വാച്ചർമാർ ഉൾപ്പെടെയുള്ളവർക്ക് ദിവസവേതനം 200 രൂപയിൽ നിന്നും 350 രൂപയാക്കി ഉയർത്തിയിട്ടും പത്തനംതിട്ട ജില്ലാ സഹകരണ ബാങ്കിൽ മാത്രം ഇത് വർദ്ധിപ്പിച്ച് നൽകാതിരിക്കുന്നതിന്റെ കാരണം എന്താണ് ;

(എഫ്) ഇവരുടെ നിയമനം സ്ഥിരമാക്കുകയോ ഉയർത്തിയ ദിവസവേതനം നൽകുകയോ ചെയ്യാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

എറണാകുളം ജില്ലാ സഹകരണ ബാങ്കിലെ ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി

6560 ശ്രീ. ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലാ സഹകരണ ബാങ്കിലെ നിലവിലുള്ള പ്യൂൺ/വാച്ച്മാൻ ഒഴിവുകൾ കൃത്യസമയത്ത് പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ എന്തെങ്കിലും വീഴ്ച വന്നിട്ടുണ്ടോ എന്നറിയിക്കുമോ;

(ബി) ഏതെല്ലാം ഒഴിവുകളാണ് ഇതുവരെ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാത്തത് ;

(സി) 2014 ജൂലൈ 31 വരെ എത്ര ഒഴിവുകൾ ഉണ്ടാകാനിടയുണ്ടെന്നും ഈ ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ എന്താണ് കാരണമെന്നും അറിയിക്കുമോ;

(ഡി) ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഉപദേശ - സി) വകുപ്പിന്റെ 13 ഫെബ്രുവരി 2014 ലെ 3943 നമ്പർ പരിപത്രം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് എറണാകുളം ജില്ലാ സഹകരണ ബാങ്കിലെ പ്യൂൺ/വാച്ച്മാൻ ഒഴിവുകൾ സംബന്ധിച്ച് പാലിക്കപ്പെടുന്നുണ്ടോ ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>നന്മ സ്റ്റോറുകൾ</u>

6561 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നന്മ സ്റ്റോറുകളിലായി ആകെ എത്ര ജീവനക്കാരാണ് താല്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

<u>സഹകരണ പെൻഷൻ പദ്ധതി പരിഷ്കരണം</u>

6562 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിൽ നിന്നും വിരമിച്ച സഹകരണ ജീവനക്കാരുടെ പെൻഷൻ പദ്ധതി പരിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പെൻഷൻ തുകയുടെ പരിധികൾ പരമാവധി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) പെൻഷനോടൊപ്പം അർഹതപ്പെട്ട ക്ഷാമബത്ത അനുവദിക്കുന്നതിനും ഫാമിലി പെൻഷൻ പുന:സ്ഥാപിക്കുന്നതിനും ഉള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>തൃക്കരിപ്പൂർ സഹകരണ എൻജിനീയറിംഗ് കോളേജിൽ ഐ.ടി കോഴ്സ് നിലനിർത്താൻ നടപടി</u>

6563 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമവ്യവസായവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ സഹകരണ എൻജിനീയനിംഗ് കോളേജിൽ ഇപ്പോൾ നിലവിലുള്ള ഐ. ടി. & ബി. ടെക് കോഴ്സ് നിർത്തലാക്കാൻ യൂണിവേഴ്സിറ്റി തലത്തിൽ (കൂസാറ്റ്) തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ കോഴ്സ് നിലനിർത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>പ്രധാനമന്ത്രി തൊഴിൽ ദായക പദ്ധതി</u>

6564 ശ്രീ. ഡൊമിനിക്ക് പ്രസന്റേഷൻ
,, ഐ. സി. ബാലകൃഷ്ണൻ
,, വി. ഡി. സതീശൻ
,, എം.പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഖാദി ഗ്രാമവ്യവസായ മേഖലയിൽ നടപ്പാക്കുന്ന പ്രധാനമന്ത്രി തൊഴിൽ ദായക പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ സംസ്ഥാനത്ത് എത്ര പേർക്ക് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം തരത്തിലുള്ള തൊഴിലുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

**കേരള നിയമസഭ**
**09.07.2014-ലെ മറുപടിക്ക്**

<u>ഖാദി ഗ്രാമമേഖലയിലെ പുതിയ സംരംഭങ്ങൾ</u>

6565 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഖാദി ഗ്രാമ വ്യവസായ മേഖലയിൽ പുതുതായി എത്ര സംരംഭങ്ങൾ ആരംഭിച്ചുവെന്ന് വിശദമാക്കുമോ;

(ബി) ഇതുമൂലം എത്ര പേർക്ക് പുതുതായി തൊഴിൽ ലഭ്യമായി എന്നും എത്ര തുക ഗ്രാന്റായി അനുവദിച്ചുവെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) പരമ്പരാഗത ഗ്രാമീണ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി എത്ര പേർക്ക് തൊഴിൽ പരിശീലനം നൽകിയെന്ന് വെളിപ്പെടുത്തുമോ?